പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

18.06.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 2984

## കോവളം മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായ നഷ്ടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.വിൻസെന്റ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിൽ കോവളം മണ്ഡലത്തിലെ എത്ര പേർക്കാണ് വള്ളവും വലയും നഷ്ടപ്പെട്ടിട്ടുള്ളത്; | (എ) | ഓഖി ദുരന്തത്തിൽ കോവളം മണ്ഡലത്തിൽ ഉൾപ്പെടുന്ന വിഴിഞ്ഞം, അടിമലത്തുറ, പള്ളം, പൂവാർ മത്സ്യഭവൻ പരിധിയിലെ 29 പേർക്കാണ് വള്ളവും വലയും നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | വിഴിഞ്ഞത്ത് കഴിഞ്ഞ രണ്ട് വർഷങ്ങൾക്കിടെ കടൽക്ഷോഭത്തിൽ തകർന്ന ബോട്ടുകളുടെയും ചെറുവള്ളങ്ങളുടെയും കണക്ക് ഫിഷറീസ് വകുപ്പിൽ ലഭ്യമാണോ; എങ്കിൽ എത്രയാണ് എന്നറിയിക്കാമോ; | (ബി) | വിഴിഞ്ഞത്ത് കഴിഞ്ഞ 2 വർഷങ്ങൾക്കിടെ 82 മത്സ്യബന്ധന യാനങ്ങൾ കടൽ ക്ഷോഭത്തിൽ തകർന്നിട്ടു ണ്ട്. |
| (സി) | ഇവരിൽ എത്ര പേർക്കാണ് നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരം നൽകിയിട്ടുള്ളത്; ഇനി എത്ര പേർക്കാണ് നഷ്ടപരിഹാരം നൽകാനുള്ളത്; | (സി) | ഇവരിൽ 7 പേർക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്. ഇനി 75 പേർക്ക് നഷ്ടപരിഹാരം നൽ കുവാനു ണ്ട്. |
| (ഡി) | ബോട്ടും വള്ളവും തകർന്നാൽ എത്ര രൂപയാണ് പരമാവധി നഷ്ടപരിഹാരമായി നൽകുന്നത്; പ്രസ്തുത തുക തകർന്ന ബോട്ടും വള്ളവും പുനർനിർമ്മിക്കുന്നതിനോ പുതിയത് വാങ്ങുന്നതിനോ പര്യാപ്തമാകുമോയെന്ന് അറിയിക്കുമോ ; അല്ലാത്തപക്ഷം നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മത്സ്യബന്ധന യാനങ്ങൾ തകർന്നാൽ ആയതിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി ഫിഷറീസ് വകുപ്പിൽ നിലവിലില്ല. എന്നാൽ ജില്ലാ കളക്ടറുടെ എസ്.ഡി.ആർ.എഫ്-ൽ നിന്നും മത്സ്യബന്ധന യാനങ്ങൾ ഭാഗികമായി തകർന്നാൽ 4100/- രൂപയും പൂർണ്ണമായും തകർന്നാൽ 9600/- രൂപയുമാണ് പരമാവധി നഷ്ടപരിഹാരമായി നൽകുന്നത്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തി ആയത് ശരിയെന്ന് കാണുന്നപക്ഷം നഷ്ടപരിഹാരം ലഭിക്കുന്നതിന് വകുപ്പ് മുഖേന ശുപാർശ ചെയ്യാറുണ്ട്. കൂടാതെ ബോട്ടിനും വള്ളത്തിനും ഇൻഷുറൻസ് ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ